
ടച്ച് മീ
TOUCH ME
ജനുവരി 2026

സ്നേഹസ്മരണയ്ക്ക്



7-ാം
ചരമ വാർഷികം
27-01-2026



കിഴക്കൂട്ട് ദേവസ്സി വൈദ്യർ മകൻ

## ജോസഫ്

(കിഴക്കൂട്ട് ഔഷധശാല)

സ്നേഹപൂർവ്വം
കുടുംബാംഗങ്ങൾ



# ടച്ച് മീ
TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 18 | 2026 ജനുവരി | ലക്കം : 5

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫൊറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ & ഇടവക പി.ആർ.ഒ.
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

സബ് എഡിറ്റർ
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771

സെക്രട്ടറി
**എം.എൽ. സുനിൽ**
98464 34411

ട്രഷറർ
**എം.കെ. ദേവസ്സി**
94953 28758

മാനേജിംഗ് എഡിറ്റർ
**ജോൺസൺ പാവു**
94476 54230

അഡ്വർടൈസിംഗ് മാനേജർ
**സിജോ ജോസഫ്**
79074 38671

ലിറ്റർജി ഇൻചാർജ്ജ് : ജാക്വിലിൻ വിനു -7034551605
മിഴിവിളക്ക് ഇൻചാർജ്ജ് : അനീന മരിയ ഷാജി -6235960700
വഴിവിളക്ക് ഇൻചാർജ്ജ് : റിജി പ്രിൻസ് -7902232331
നാളാകം ഇൻചാർജ്ജ്: സാന്ദ്ര വി.എം.-6282284467
വാർത്തകൾ ഇൻചാർജ്ജ് : സാനിയ വി.എം.-6282284467

കൈക്കാരന്മാർ
കെ.എൽ. ലോയ്ഡ് 89212 45453
വർഗ്ഗീസ് ആന്റണി 75599 69881
ജോഫി ജോസഫ് 98471 22268

## താളുകൾ മറിയ്ക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ജീവിതം | 4 |
| ഇടവക വാർത്തകൾ | 5 |
| വിശ്വാസപരിശീലനം | 9 |
| വഴിവിളക്ക് | 10 |
| സഭാവാർത്തകൾ | 11 |
| ചവറയച്ചന്റെ ദൈവീക ദർശന... | 13 |
| സെന്റ് സേവ്യർ വാർഷികം | 15 |
| പ്രതിനിധിയോഗ വാർത്തകൾ | 18 |
| സംഘടനാ വാർത്തകൾ | 19 |
| ഇടവക ആൽബം | 22 |
| ജൂനിയർ സി.എൽ.സി. | 27 |
| മിഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |

## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

പുതിയ പ്രതീക്ഷകളും പുതിയ തീരുമാനങ്ങളും പുതിയ സ്വപ്നങ്ങളുമായി പുതിയ ഒരു വർഷം കൂടി സമാഗതമായി. പോയ വർഷത്തെ വിജയങ്ങളും നേട്ടങ്ങളും അനുഗ്രഹങ്ങളും ഓർമ്മയിൽ സൂക്ഷിക്കുവാനും കയ്പ്പുകളും കണ്ണുനീരും വേദനയും നിരാശയും നഷ്ടങ്ങളും മറവിയുടെ ചവറ്റുകുട്ടയിൽ തള്ളിക്കളയാനും പുതുവർഷത്തിൽ ഒരു മാറ്റത്തിന്റെ ജീവിതം കരുപ്പിടിപ്പിക്കുവാനുള്ള ദൃഢനിശ്ചയത്തോടെ ഒരു പുത്തൻ ചുവടുവെപ്പ്  നമുക്ക് ഉണ്ടാകണം. സാഹചര്യങ്ങൾ എല്ലാം പഴയതുപോലെ തുടരുമ്പോൾ നാം എപ്രകാരം സ്വയം മാറ്റത്തിന് വിധേയപ്പെടുന്നു എന്നുള്ളതിനെആശ്രയിച്ചിരിക്കും പുതുവർഷത്തെ വിജയം. വിസ്മൃതികളിൽ ആണ്ട് പോകുന്ന കഴിഞ്ഞകാല ജീവിതയാഥാർത്ഥ്യങ്ങൾക്ക് ചിറകു മുളപ്പിച്ച് സ്വപ്നങ്ങളുടെ അനന്തവിഹായസിൽ പൊങ്ങി പറക്കുവാൻ സഹായകമാകുന്നത് വായനയിലും എഴുത്തിലും കൂടെ മാത്രമാണ്. നല്ലതു വായിക്കുക ,അറിവുകൾ പങ്കുവെക്കുക. പങ്കുവയ്ക്കപ്പെടുമ്പോഴാണ് സമൂഹത്തെ നമുക്ക് മാറ്റിയെടുക്കാൻ സാധിക്കുന്നത്. അറിവുകൾ സമൂഹത്തിലേക്ക് പകരപ്പെടുമ്പോൾ മറ്റുള്ളവരും നന്നായി ചിന്തിക്കാൻ തുടങ്ങും. കർമ്മശേഷിയുള്ളവരായി തീരുകയും സമൂഹം നന്മയിലേക്ക് വരികയും ചെയ്യും.ഒരു കഥ ഇപ്രകാരമാണ്. സ്ഥിരമായി നൂറ് മേനി വിളവെടുക്കുന്ന ഒരു കർഷകനോട് ആളുകൾ ചോദിച്ചു . താങ്കൾക്ക് എന്തുകൊണ്ടാണ് ഇത്രയും വിളവ് ലഭിക്കുന്നത്? മറുപടിയായി അയാൾ പറഞ്ഞു ഞാൻ എന്റെ കയ്യിൽ ഉള്ള ഗുണമേന്മയുള്ള വിത്തുകൾ കർഷകരുമായി പങ്കുവെയ്ക്കും. ആ വിത്തുകൾ അവർ കൃഷി ചെയ്യുമ്പോൾ ഗുണമേന്മയുള്ളത് അവിടെയും വിളയും. അപ്പോൾ എന്റെ വയലിൽ നല്ല ആരോഗ്യമുള്ള പരാഗണം നടക്കും. അങ്ങനെ എനിക്ക് ഏറ്റവും മേന്മയേറിയ വിളവ് ഉണ്ടാകുന്നു. നമ്മുടെ ജീവിതങ്ങളും ഇപ്രകാരം ബുദ്ധിയോടെ പ്രവർത്തിച്ചാൽ സ്വർഗ്ഗസുന്ദരമാക്കാം. അനുഗ്രഹിക്കാനും കരുതുവാനും സ്നേഹിക്കുവാനും ഉള്ള മനോഭാവം നമ്മിൽ ഉണ്ടാക്കണം. ജനുവരി മാസത്തിൽ ഇടവക തിരുനാൾ ആഘോഷിക്കുമ്പോൾ സന്തോഷത്തോടെ സ്നേഹത്തോടെ ഐക്യത്തോടെ കൂട്ടായ്മയോടെ ഒന്നിച്ച് തിരുനാൾ ഭംഗിയാക്കാൻ നമുക്ക് ശ്രമിക്കാം. മാറ്റത്തിന്റെ കാഹളം നമ്മുടെ ഉള്ളിൽ നിന്നു തന്നെ മുഴങ്ങട്ടെ . അപ്പോൾ നാം മാറും .സമൂഹം മാറും. ലോകവും മാറും. അതുതന്നെയാകട്ടെ ഈ പുതിയ വർഷത്തിന്റെ മഹത്തായ സന്ദേശം. ഏവർക്കും ഇടവക തിരുനാൾ ആശംസകളും  പുതുവത്സര ആശംസകളും സ്നേഹപൂർവം നേരുന്നു.

ടച്ച് മീ
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

വലിയ ദൈവാലയത്തിന്റെ വലിയ മുറ്റത്തേക്ക് നയിക്കുന്ന നൂറ്റിയൊന്നു പടികളിൽ ആദ്യത്തേതിൽ നിന്നുകൊണ്ട് അയാൾ മാറത്തടിച്ച് വിളിച്ചു പറഞ്ഞു,

"ദൈവമേ ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ല കരുണ തോന്നണം..."

ഇടിമുഴക്കംപോലൊരു ഉത്തരം അയാൾ കേട്ടു.

"നിന്നോടു കരുണ കാണിക്കാൻ ആവശ്യത്തിലേറെ കാരണങ്ങളുണ്ടെനിക്ക് മൂന്നുദിവസം പട്ടിണിയിരുന്ന നിനക്ക് കിട്ടിയ ഒരു പിടി ചോറിൽനിന്ന് രണ്ടു ദിവസം പട്ടിണിയിലിരുന്നവന് നിന്റെ ചൂണ്ടുവിരൽകൊണ്ട് എടുത്ത്കൊടുത്ത ആ മൂന്ന് വറ്റ് ചോറിന്റെ രുചി എന്റെ നാവിലുണ്ട്..."

**മനഃപാഠമാക്കാൻ**

"ദരിദ്രരോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ.
കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും"


(സങ്കീർത്തനങ്ങൾ 41:1)

"കാരുണ്യം അനുഗ്രഹത്തിന്റെ ആരാമം പോലെയാണ്;
ദാന ധർമ്മം എന്നേക്കും നിലനിൽക്കുന്നു"

(സുഭാഷിതകങ്ങൾ 40:17)

*ഏവർക്കും കരുണാമയനായ തമ്പുരാന്റെ അനുഗ്രങ്ങൾ നേർന്നുകൊണ്ട്*

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം



# ജീവിതം

ബ്രദർ സാജൻ ഔസേപ്പ് OFM Cap.

ജീവിതം അത് ഒരു മിസ്ട്രിയാണ്. കാരണം നമ്മുടെ ജീവിതത്തിൽ എപ്പോൾ എന്ത് സംഭവിക്കുമെന്ന് ദൈവമൊഴികെ ആർക്കും അറിവുള്ള വസ്തുതയല്ല. ചിലപ്പോൾ അത് രോഗങ്ങൾ, കടബാധ്യതകൾ, നഷ്ടപ്പെടലുകൾ, ഒറ്റപ്പെടലുകൾ അങ്ങനെ പലവിധത്തിൽ നമ്മുടെ ജീവിതത്തെ മാറ്റിമറിച്ചേക്കാം. എന്നാൽ ജീവിത വീഥിയിൽ നാം മുൻപോട്ട് നീങ്ങുമ്പോൾ ഉണ്ടാവുന്ന വ്യതിയാനങ്ങൾ അതിപ്പോൾ എന്തുതന്നെ ആയാലും തരണംചെയ്യാൻ ദൈവവുമായി വ്യക്തിബന്ധം ഉണ്ടായാൽ സാധ്യമാണ്. നാം പലപ്പോഴും ജീവിതത്തിൽ പരാജയപ്പെടുന്നത് നമുക്ക് ദൈവവുമയി വ്യക്തിബന്ധം ഇല്ലാത്തതുകൊണ്ടാണ്. സക്രാരിയിൽ നമ്മെ കാത്തിരിക്കുന്നവനിലേക്ക് എന്തേ പ്രതിസന്ധികളിൽ നമ്മുടെ മനസ്സ് തിരിയാത്തത്. നന്മയുടെ പരിമിതികൾ, കുറവുകൾ, വിഷമതകൾ എല്ലാം മനസ്സിലാക്കുന്ന ദൈവത്തിനോട് എന്നും നമുക്ക് ചേർന്നുനിൽക്കാം. ജീവിതത്തിൽ എന്നും നമ്മുടെ കരം പിടിക്കാൻ കൂടെ നടക്കാൻ തമ്പുരാൻ ഉണ്ടെന്ന ബോധ്യത്തിൽ

രക്ഷകന് പിറക്കാനും നിത്യമായി വസിക്കാനുമുള്ള ഇടമായി നമ്മുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്താം.

| 2025 വലിയ നോമ്പിലെ നോമ്പ്കാല പരിത്യാഗ സമർപ്പണം | |
|---|---|
| കുടുംബകൂട്ടായ്മ | തുക |
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | 19770 രൂപ |
| മേരി മാതാ കുടുംബകൂട്ടായ്മ | 40486 രൂപ |
| സെന്റ് ആന്റണി കുടുംബകൂട്ടായ്മ | 20000 രൂപ |
| സെന്റ് തോമസ് കുടുംബകൂട്ടായ്മ | 37464 രൂപ |
| സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ | 22471 രൂപ |
| സെന്റ് സേവ്യർ കുടുംബകൂട്ടായ്മ | 23445 രൂപ |


Three years of togetherness, enriched by God's precious gift
Jayden John Tijo
Tijo Johnson & Jibil Rose
Chiramal House
South Bazar - Kunnamkulam

# പ്രാർത്ഥനാശംസകൾ...



ജനുവരി 20ന് വി സെബസ്ത്യാനോസിന്റ നാമധേയത്തിൽ
നാമഹേതു തിരുനാൾ ആഘോഷിക്കുന്ന
നമ്മുടെ ബഹുമാനപ്പെട്ട വികാരി

## ഡെയ്സൻ മുണ്ടോപുറം അച്ചന്

ഇടവക സമൂഹത്തിന്റെ പ്രാർത്ഥനാശംസകൾ...

# ഇടവക വാർത്തകൾ

## ജനുവരി 1 വ്യാഴം : ഉണ്ണീശോയുടെ തിരുനാൾ & വർഷാരംഭം

05.30 am : തിരുമണിക്കൂർ ആരാധന

06.30 am : വർഷാരംഭ പ്രാർത്ഥന, കാഴ്ചസമർപ്പണത്തോടെ പുഷ്പാർച്ചന, ഉണ്ണീശോയുടെ തിരുനാൾ കുർബാന, കാരുണ്യ സമർപ്പണം, നേർച്ചവിതരണം & പുതുപുലരിയെ വരവേൽക്കൽ
(നേതൃത്വം : തിരുബാലസഖ്യം & റോസമിസ്റ്റിക്ക അൾത്താര ഡെക്കേറൻ സമിതി)

## ജനുവരി 2 വെള്ളി : ഇടവകതിരുനാൾ മഹോത്സവ കൊടിയേറ്റം & നവനാൾ ആരംഭം & തിരുനാൾ കാരുണ്യസമർപ്പണം & ബൈബിൾ പുസ്തകങ്ങളുടെ പ്രകാശനം & തിരുനാൾ വിളംബരം

(**NB** : നവനാൾ ദിനങ്ങളിൽ ഞായർ ഒഴികെ മറ്റ് ദിവസങ്ങളിൽ രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

05.30 am : ആരാധന, തിരിതെളിയിക്കൽ, ലദീഞ്ഞ്, നൊവേന

06.00 pm : കൊടിയേറ്റം, കാഴ്ചസമർപ്പണം, നവനാൾ വി. കുർബാന, സന്ദേശം, തിരുനാൾ കാരുണ്യ സമർപ്പണം, ബൈബിൾ പുസ്തക പ്രകാശനം & നേർച്ചവിതരണം

07.15 pm : തിരുനാൾ വിളംബരം & ബാന്റ് വാദ്യം
(നേതൃത്വം : ബ്ലെയ്സ് യുവജന കൂട്ടായ്മ, കുന്നംകുളം)

11.15 pm : സ്തോത്രഗീതം

## ജനുവരി 4 ഞായർ : തിരുനാൾ കാരുണ്യ ഊട്ട് & പ്രദക്ഷിണാതിർത്തികളിൽ തിരുനാൾ മഹോത്സവ കൊടിയേറ്റം

06.00 am : വി. കുർബാന

09.00 am : വിശ്വാസ പരിശീലന ജീസസ്സ് ബർത്ത്ഡേ പാർട്ടി
(നേതൃത്വം : വിശ്വാസ പരിശീലന കുട്ടികൂട്ടായ്മ)

11.30 am : പരി. കന്യകാമറിയത്തിന്റെ നാമത്തിൽ ചൊവ്വന്നൂർ മരീന ഹോമിൽ തിരുനാൾ കാരുണ്യ ഊട്ട്.

04.00 pm : വിശ്വാസപരിശീലന ക്ലാസ്സുകൾ

05.30 pm : ആരാധന, തിരിതെളിയിക്കൽ, ലദ്ദീഞ്ഞ് & നൊവേന

06.00 pm : കാഴ്ചസമർപ്പണം നവനാൾ വി. കുർബാന, സന്ദേശം, തിരുനാൾ കാരുണ്യസമർപ്പണം, ബൈബിൾ പുസ്തക പ്രകാശനം & നേർച്ച വിതരണം

07.15 pm : ഇടവക തിരുനാൾ മഹോത്സവ പ്രദക്ഷിണാതിർത്തിയിൽ കൊടിയേറ്റം & തംബോലവാദ്യം
(നേതൃത്വം : കേന്ദ്രകുട്ടികൂട്ടായ്മ, കുന്നംകുളം)

09.30 pm : സ്തോത്രഗീതം

NB : ഞായറാഴ്ച പതിവുള്ള രാവിലെ 9ന്റെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

**ജനുവരി 7 ബുധൻ : തിരുനാൾ നേർച്ച പാക്കിംഗ്**

10.00 am : ഇടവക തിരുനാൾ മഹോത്സവ തിരുനാൾ നേർച്ച പാക്കിംഗ്. തിരുമണിക്കൂർ ആരാധനയോടെ
(നേതൃത്വം : ലിറ്റർജി കമ്മിറ്റി)

**ജനുവരി 9 ശനി : ദീപാലങ്കാരം സ്വിച്ച് ഓൺ & തിരുനാൾ കാരുണ്യകോർണർ ഉദ്ഘാടനം**

07.15 pm : ദീപാലങ്കാര സ്വിച്ച് ഓൺ കർമ്മം & തിരുകാരുണ്യ കോർണർ ഉദ്ഘാടനം
(നേതൃത്വം : ഇലുമിനേഷൻ കമ്മറ്റി & യൂത്ത് സി.എൽ.സി.)

**ജനുവരി 10 ശനി : അമ്പ്, കിരീടം, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ്**

06.00 am : ആരാധന, തിരിതെളിയിക്കൽ, ലദീഞ്ഞ്, നൊവേന

06.30 am : കാഴ്ചസമർപ്പണം, നവനാൾ വി. കുർബാന, സന്ദേശം, തിരുനാൾ കാരുണ്യസമർപ്പണം, ബൈബിൾ പുസ്തക പ്രകാശനം & നേർച്ച വിതരണം.

07.45 am : കൂടുതുറക്കൽ ശുശ്രൂഷ

08.00 pm : കുടുംബകൂട്ടായ്മകളിലേക്ക് അമ്പ്, കിരീടം, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ് ആരംഭം

10.00 pm : അമ്പ്, കിരീടം, തിരുശേഷിപ്പ് എഴുന്നെള്ളിപ്പ് സമാപനം & വാദ്യമേളം

10.30 pm : സ്തോത്രഗീതം & വർണ്ണമഴ

**ജനുവരി 11 ഞായർ : തിരുനാൾ ദിനം & തിരുനാൾ കാരുണ്യഊട്ട്, തിരുനാൾ പ്രദക്ഷിണം**

06.00 am : വി. കുർബാന

09.30 am : തിരുനാൾ പ്രസുദേന്തി വാഴ്ച

10.30 am : തിരുനാൾ കുർബാന, തിരുനാൾ സന്ദേശം, ബൈബിൾ പകർത്തിയെഴുത്ത് സമർപ്പണം

11.30 am : വി. സെബസ്ത്യാനോസിന്റെ നാമത്തിൽ പെരുമ്പിലാവ് മേരി മാത ബോയ്സ് ഹോമിൽ തിരുനാൾ കാരുണ്യ ഊട്ട്

04.00 pm : ലത്തീൻ റീത്തിൽ വി. കുർബാന

05.00 pm : തിരുനാൾ പ്രദക്ഷിണം

07.00 pm : വർണ്ണമഴ & ബാന്റ്‌വാദ്യമത്സരം

10.30 pm : സ്തോത്രഗീതം

**ജനുവരി 12 തിങ്കൾ : തിരുനാൾ ദിനം & തിരുനാൾ കാരുണ്യവിരുന്ന്**

06.00 am : ആരാധന
06.30 am : മരിച്ചവർക്കുള്ള റാസ, കുർബാന, ഒപ്പീസ്
07.45 am : വാഹന വെഞ്ചിരിപ്പ്
05.00 pm : മലങ്കര റീത്തിൽ വി. കുർബാന
07.00 pm : തിരുനാൾ കലാവിരുന്ന്, ഗാനമേള & സ്നേഹവിരുന്ന്

**ജനുവരി 13 ചൊവ്വ : ഏകസ്ഥ - വയോജന സന്ദേശം**

06.30 pm : ജൂബിലി വർഷ ഏകസ്ഥ - വയോജന സംഗമം

**ജനുവരി 14 ബുധൻ : പുത്ര-പുത്രീ സംഗമം**

06.30 pm : ജൂബിലി വർഷ പുത്ര - പുത്രീ സംഗമം

**ജനുവരി 15 വ്യാഴം : പിതൃ-മാതൃ സംഗമം**

06.30 pm : ജൂബിലി വർഷ പിതൃ - മാതൃ സംഗമം

**ജനുവരി 16 വെള്ളി : ഒൻപതാം വെള്ളിയാചരണം & സന്യസ്ത സംഗമം**

**NB** : രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

09.00 am : ഒൻപത് മണിക്കൂർ ആരാധന, അഖണ്ഡജപമാല & കുമ്പസാരം (നേതൃത്വം : പ്രാർത്ഥനാഗ്രൂപ്പ്)
06.00 pm : വി. സെബസ്ത്യാനോസിന്റെ ലദീഞ്ഞ്, നൊവേന & ദിവ്യകാരുണ്യ പ്രദക്ഷിണം. (നേതൃത്വം : ആത്മായ പ്രേഷിത സമിതി)
06.30 pm : കാഴ്ചസമർപ്പണം, തിരിതെളിയിക്കൽ, ജൂബിലി വർഷ സന്യസ്തസംഗമം, ആദരം, ആഘോഷമായ വി. കുർബാന, സന്ദേശം, സ്നേഹോപഹാരസമർപ്പണം, തിരുആട സമർപ്പണം & നേർച്ചഊട്ട് (നേതൃത്വം : ആത്മായ പ്രേഷിത സമിതി)

**ജനുവരി 17 ശനി : പള്ളി ഭരണസമിതി അംഗങ്ങളുടെ സംഗമം**

06.30 pm : ജൂബിലി വർഷ പള്ളി ഭരണസമിതി അംഗങ്ങളുടെ (കൈക്കാരന്മാർ, പ്രതിനിധി അംഗങ്ങൾ) സംഗമം

**ജനുവരി 18 ഞായർ : തിരുനാൾ എട്ടാമിടം, തിരുനാൾ കാരുണ്യഊട്ട്, ഇടവകദിനം, കുടുംബകൂട്ടായ്മയുടെ സംയുക്ത വാർഷികം ജൂബിലി വർഷ സമാപനം**

09.00 am : കൊടിയിറക്കൽ, തിരുനാൾ എട്ടാമിടം - ഇടവകദിന കൃതജ്ഞതാബലി.
11.30 am : വി. മറിയംത്രേസ്യയുടെ നാമത്തിൽ അഞ്ചൂർ ദിവ്യദർശൻ ഹോമിൽ തിരുനാൾ കാരുണ്യഊട്ട്
06.00 pm : ഇടവകദിനം - കുടുംബകൂട്ടായ്മ സംയുക്തവാർഷിക പൊതുസമ്മേളനം, ജൂബിലി വർഷ സമാപനം, സ്മരണ ഫലകം, പ്രകാശനങ്ങൾ, അവാർഡ് വിതരണം, സമ്മാനദാനം, നാടകം, സ്നേഹവിരുന്ന്.

**ജനുവരി 20 ചൊവ്വ : വി. സെബസ്ത്യാനോസിന്റെ തിരുനാൾ & സാമുദായിക ശാക്തീകരണ വർഷ ഉദ്ഘാടനം**

06.15 am : ലദീഞ്ഞ്, നൊവേന, പൊൻപൂവ് സമർപ്പണം
(നേതൃത്വം : തിരുബാലസഖ്യം)
06.30 am : വി. കുർബാന സന്ദേശം, വി. സെബാസ്ത്യാനോസ് നാമധാരികൾക്ക് ആദരണീയം
(നേതൃത്വം : കെ.സി.വൈ.എം.)
07.30 am : സാമുദായിക ശാക്തീകരണ വർഷം 2026 ഉദ്ഘാടനം

**ജനുവരി 23 വെള്ളി : ഒന്നാം വെള്ളിയാചരണം**

06.00 am : ആരാധന, കുമ്പസാരം & കാരുണ്യകൊന്ത
06.30 pm : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ചവിതരണം

**ജനുവരി 25 ഞായർ : നവവൈദികർക്ക് സ്വീകരണം**

06.00 am : വി. കുർബാന
04.30 pm : വിശ്വാസ പരിശീലന ക്ലാസ്സ്
06.00 pm : നവ വൈദികർക്ക് സ്വീകരണം, ഫുഡ്ഫെസ്റ്റ് & മ്യൂസിക്കൽ നൈറ്റ്
(നേതൃത്വം : മാതൃവേദി)

NB : ഞായറാഴ്ച രാവിലെ 9ന് വി. കുർബാന ഉണ്ടായിരിക്കുന്നതല്ല

**ജനുവരി 26 തിങ്കൾ : റിപ്പബ്ലിക് ദിനം**

06.30 am : വി. കുർബാന
07.30 am : റിപ്പബ്ലിക്ദിന ചടങ്ങ് & ദേശീയ പതാകവന്ദനം
(നേതൃത്വം : സംഘടന ഏകോപന സമിതി)

**ജനുവരി 30 വെള്ളി : രണ്ടാം വെള്ളിയാചരണം**

06.00 am : ആരാധന, കുമ്പസാരം & കരുണകൊന്ത
06.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ചവിതരണം

**ജനുവരി മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ജനുവരി 04 ഞായർ | സെന്റ് ആന്റണി കുടുംബകൂട്ടായ്മ |
| ജനുവരി 11 ഞായർ | സെന്റ് തോമസ് കുടുംബകൂട്ടായ്മ |
| ജനുവരി 18 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| ജനുവരി 25 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |

# 30th

# Happy Wedding Anniversary

21-01-2026



**Jaison C.P.**
**Reena Jaison**

Chungath House
Sasthriji Nagar
1st Avenue
Kunnamkulam


Best Compliments From




ANU & ANN



പ്രാർത്ഥനാശംസകൾ
നവവൈദികൻ
റവ. ഫാ. ആൻസൺ പന്നകത്തിൽ
CSTക്ക്
കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ
ഇടവക കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

12th
HAPPY
Anniversary
26-01-2026
Charles
&
Mariya
Ellikkal House
Kizhoor - Kunnamkulam
Best Compliments From
Hannah Charles & Caitlin Charles






**പി.എ. ലില്ലി**
(പ്രിൻസിപ്പാൾ)

# വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളേ,

എല്ലാവർക്കും സുഖമെന്ന് വിശ്വസിക്കുന്നു. പരീക്ഷയും ക്രിസ്മസും എല്ലാം കഴിഞ്ഞു. ക്രിസ്മസ് നന്നായി ആഘോഷിച്ചില്ലേ? എല്ലാവരുടേയും ഹൃദയത്തിൽ ഉണ്ണി പിറന്നിരിക്കുകയാണ്. ആ ഉണ്ണിയ്ക്ക് നന്നായി വളരാൻ നമ്മുടെ സൽപ്രവൃത്തികളാണ് ആവശ്യം.

പുതിയ വർഷത്തിലേക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. ഒരു വർഷം കൂടി കാണാൻ അനുഗ്രഹം തന്ന സർവ്വേശ്വരന് ആദ്യമായി നന്ദി പറയാം. പുതിയ വർഷത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കുന്നവർ സാധാരണമാണ്. പുതിയ തീരുമാനങ്ങൾ എടുക്കും മുമ്പ് കഴിഞ്ഞ വർഷത്തെ തീരുമാനങ്ങൾ നടപ്പിലാക്കിയോ എന്ന് ചിന്തിക്കണം.

ഇടവക തിരുനാൾ മഹോത്സവം ഇതാ അടുത്തെത്തി. ഭക്തി വിശ്വാസങ്ങളോടെ തിരുനാൾ കൊണ്ടാടേണ്ടത് നമ്മുടെ കടമയാണ്. വികാരിയച്ചന്റെ നിർദ്ദേശപ്രകാരം തിരുനാളിന് നന്നായി ഒരുങ്ങുക. ഭക്തിപൂർവ്വം പങ്കെടുക്കുക.

എല്ലാവർക്കും തിരുനാൾ മംഗളാശംസകൾ നേർന്നുകൊണ്ട്

സ്നേഹത്തോടെ
ലില്ലി ടീച്ചർ



**ജനുവരി 3**

**വി. ചാവറ കുരിയാക്കോസ് ഏലിയാസ് അച്ചന്റെ**

**തിരുനാൾ**

**ഏവർക്കും തിരുനാൾ ആശംസകൾ**

# വഴിവിളക്ക്

## പത്ത് കല്പനകൾ

**ഒമ്പതാം കല്പന**

"അന്യന്റെ വസ്തുക്കൾ മോഹിക്കരുത്"

"അവിഹിത വേഴ്ചപോലെ അത്യാഗ്രഹം നിയമത്തിലെ ആദ്യത്തെ മൂന്ന് കല്പനകളാൽ നിരോധിക്കപ്പെട്ടിട്ടുള്ള വിഗ്ര ഹാരാധനയിൽ നിന്നുമുത്ഭവിക്കുന്നു.." (ജ്ഞാനം: 14:12)

"ഏഴാം കല്പന വിലക്കുന്ന മോഷണം പിടിച്ചുപറി, വഞ്ചന എന്നിവയുടെ മൂല്യമെന്ന നിലയിൽ, മറ്റൊരാളുടെ വസ്തുക്കളെ മോഹിക്കുന്നതിനെ പത്താംകല്പന നിരോധി ക്കുന്നു." (സി.സി.സി. 2534)

"കർത്താവ് സമ്പന്നരെ ഓർത്തു വിലപിക്കുന്നു. എന്തെ ന്നാൽ അവർ തങ്ങളുടെ ആശ്വാസം വസ്തുവകകളുടെ സമൃ ദ്ധിയിൽ കണ്ടെത്തുന്നു" (സി.സി.സി. 25234)

**ചിന്താവിഷയം**

1. പത്താം കല്പനയോടുള്ള നമ്മുടെ സമീപനം വിലയിരു ത്തുമ്പോൾ എന്തൊക്കെയായിരിക്കും നമ്മുടെ പ്രതികര ണങ്ങൾ?
2. നമുക്കുള്ളതുകൊണ്ട് തൃപ്തിപ്പെടാൻ സാധിക്കുമോ?

തയ്യാറാക്കിയത്

കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



### അനുമോദനങ്ങൾ

നവംബർ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത
**ഒലക്കേങ്കിൽ ജോഹാൻ ജോഫിക്ക്**
*ഇടവകയുടെ*
*അനുമോദനങ്ങൾ*




**ഞങ്ങൾ പുനർനിർമിക്കും, വീടുകളും സ്കൂളുകളും ഞങ്ങളുടെ ജീവിതവും; ഗാസയിലെ ക്രൈസ്തവരെക്കുറിച്ച് കർദിനാൾ പിയർ ബാറ്റിസ്റ്റ പിസബല്ല**

ജറുസലേം: ജറുസലേമിലെ ലാറ്റിൻ പാത്രിയാർക്കീസായ കർദിനാൾ പിയർബാറ്റിസ്റ്റ പിസാബല്ല, ഗാസയിലെ ഏക കത്തോലിക്കാ ഇടവകയായ ഹോളി ഫാമിലി ഇടവകയിൽ അജപാലനസന്ദർശനത്തിനായി എത്തി. ലാറ്റിൻ പാത്രിയാർക്കൽ വികാരിയായ ഓക്സിലറി ബിഷപ് വില്യം ഷോമാലി അടങ്ങുന്ന പ്രതിനിധി സംഘവും കർദിനാളിന് ഒപ്പമുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി ഗാസയിൽ തുടരുന്ന സംഘർഷവും കഠിനമായ ബുദ്ധിമുട്ടുകളും അതിജീവിച്ച് മുമ്പോട്ട് പോകുന്ന ചെറിയ കത്തോലിക്കാ സമൂഹത്തോടുള്ള ഐക്യദാർഢ്യത്തിന്റെ അടയാളം കൂടെയാണ് കർദിനാളിന്റെ അജപാലനസന്ദർശനം. മിന്നുന്ന വിളക്കുകളും ക്രിസ്മസ് ട്രീകളും പുൽക്കൂടുകളും ഉൾപ്പടെയുള്ള അലങ്കാരങ്ങളുടെ നടുവിൽ കർദിനാൾ പിസബല്ലയെ കുട്ടികൾ സ്വീകരിച്ചു.

**യഹൂദ വിരുദ്ധ ആക്രമണങ്ങളെ അപലപിച്ച് ലിയോ 14-ാമൻ പാപ്പ; മിഡിൽ ഈസ്റ്റിലെ സമാധാനപ്രക്രിയകൾ തുടരാനും ഇസ്രായേൽ പ്രസിഡന്റുമായുള്ള ടെലിഫോണിൽ സംഭാഷണത്തിൽ പാപ്പയുടെ അഭ്യർത്ഥന**

വത്തിക്കാൻ സിറ്റി: ഇസ്രായേൽ പ്രസിഡന്റ് ഐസക് ഹെർസോഗുമായി നടത്തിയ ടെലിഫോൺ സംഭാഷണത്തിൽ യഹൂദവിരുദ്ധ ആക്രമണങ്ങളെ അപലപിച്ച് ലിയോ 14-ാമൻ പാപ്പ. സിഡ്നിയിൽ അടുത്തിടെ നടന്ന ഭീകരാക്രമണത്തിന്റെ വെളിച്ചത്തിൽ, യഹൂദവിരുദ്ധതയ്ക്ക് എതിരായ കത്തോലിക്കാ സഭയുടെ ഉറച്ച നിലപാട് പാപ്പ ഇസ്രായേൽ പ്രസിഡന്റിനെ അറിയിച്ചു. ഓസ്ട്രേലിയൻ തലസ്ഥാനമായ ബോണ്ടി ബീച്ചിൽ യഹൂദരുടെ ഹനുക്ക ആഘോഷത്തിനിടെ കഴിഞ്ഞ ആഴ്ച നടന്ന ആക്രമണത്തിൽ 16 പേർ കൊല്ലപ്പെടുകയും 40 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. മിഡിൽ ഈസ്റ്റിലെ സ്ഥിതിഗതികളെക്കുറിച്ചു നടത്തിയ സംഭാഷണത്തിൽ മേഖലയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സമാധാനപ്രക്രിയകൾ തുടരാൻ പാപ്പ അഭ്യർത്ഥിച്ചു.


**ക്രിസ്മസ്, ആഘോഷങ്ങളുടെ തിരക്കിൽ മുങ്ങിപ്പോകരുത്; ഇത് യേശുവിനെസ്വന്തമാക്കേണ്ട സമയം: ലിയോ 14 -ാമൻ പാപ്പ**

വത്തിക്കാൻ സിറ്റി: ഉപരിപ്ലവമായ ആഘോഷങ്ങളിൽ ക്രിസ്മസ് മുങ്ങിപ്പോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ക്രിസ്തുവിനെ എന്നന്നേക്കുമായി ജീവിതത്തിന്റെയും ഹൃദയത്തിന്റെയും സ്വന്തമാക്കാൻ ഹൃദയങ്ങളെ ഉണർവോടെയും ശ്രദ്ധയോടെയും ഒരുക്കേണ്ട സമയമാണെന്നും ലിയോ 14 -ാമൻ പാപ്പ. ബുധനാഴ്ചയിലെ പൊതുദർശനപരിപാടിയോടനുബന്ധിച്ച് നടത്തിയ പ്രഭാഷണത്തിലാണ് പാപ്പ ഇക്കാര്യം പറഞ്ഞത്. തിരുപ്പിറവി രംഗത്തിന്റെയും ക്രിസ്മസ് ട്രീയുടെയും പശ്ചാത്തലത്തിൽ ക്രിസ്മസിനായി അണിഞ്ഞൊരുങ്ങിയ വത്തിക്കാൻ ചത്വരത്തിലെത്തിയ വിശ്വാസികൾക്കും അവരുടെ കുടുംബങ്ങൾക്കും ഏറെ അനുഗ്രഹപ്രദമായ ഒരു ക്രിസ്മസ് പാപ്പ ആശംസിച്ചു. ക്രിസ്മസിന്റെ വികാരങ്ങളുണർത്തുന്ന പുൽക്കൂടുകൾ വിശ്വാസത്തിന്റെ മാത്രമല്ല ക്രൈസ്തവ സംസ്കാരത്തിന്റെയും കലയുടെയും കൂടെ പ്രതീകമാണെന്നും നമ്മോടൊപ്പം വസിക്കുന്നതിനായി വന്ന യേശുവിനെ അനുസ്മരിക്കുന്നതിന്റെ അടയാളമായി പുൽക്കൂടുകൾ ഒരുക്കുന്ന പാരമ്പര്യം തുടരുമെന്നും പാപ്പ പ്രത്യാശ പ്രകടിപ്പിച്ചു.


**ലിയോ പതിനാലാമൻ മാർപാപ്പയുമായി മാർ റാഫേൽ തട്ടിൽ കൂടിക്കാഴ്ച നടത്തി**

വത്തിക്കാൻ സിറ്റി: സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ പരിശുദ്ധ പിതാവു ലിയോ പതിനാലാമൻ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തി. ഡിസംബർ 15ന് വത്തിക്കാനിൽ നടന്ന കൂടിക്കാഴ്ചയിൽ സീറോമലബാർ മെത്രാൻ സിനഡ് സെക്രട്ടറി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, മേജർ ആർച്ചുബിഷപ്പിന്റെ റോമിലെ പ്രൊക്യൂറേറ്റർ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത് എന്നിവരും പങ്കെടുത്തു.

ഒരു മണിക്കുറോളം നീണ്ട കുടിക്കാഴ്ച്ചയിൽ, സീറോ മലബാർസഭയ്ക്ക് കേരളത്തിന് പുറത്തു പുതുതായി നാലു പ്രോവിൻസുകളും ഗൾഫുമേഖലയിൽ അപ്പസ്തോലിക് വിസിറ്റേഷനും അനുവദിച്ചതിനും പന്ത്രണ്ടു രൂപതകളുടെ അതിർത്തി പുനഃക്രമീകരിക്കുന്നതിനുള്ള സിനഡുതീരുമാനത്തിനു അംഗീകാരം നൽകിയതിനും പരിശുദ്ധ പിതാവിനോടുള്ള സഭയുടെ ഹൃദയപൂർവ്വമായ നന്ദി മേജർ ആർച്ചുബിഷപ്പ് രേഖപ്പെടുത്തി.


16th
Happy Anniversary
03-01-2026
Poise Jabee &
Babitha Poise
Chiramel House
Chiralayam, Kunnamkulam
Best Compliments From : Jewel, Nehal, Nevan


11th
happy
Anniversary
19-01-2026
Deryk Sunny
Abitha Deryk
SHARING HAPPINESS
Daddy, Mummy & Hazel


22nd
Happy
Anniversary
25-01-2026
P.K. Ronald &
Shoby Ronald
Pulikkottil House
Kanippayoor
Kunnamkulam
Sharing Happiness : Alphin P. Ronald & Ashlin P. Ronald



# ചാവറയച്ചന്റെ ദൈവിക ദർശന ദാഹം ഒരു സ്വാധീനത്തിന്റെ കഥ

സിസ്റ്റർ ഡെൽന റോസ്



കാരുണ്യ നാഥനാം ദൈവകുമാരന്റെ
യാരണ്യ ശോഭയെ കാണാകേണം
കാരുണ്യവാരിധിയായ താൻ മാനുഷ
കാരണം പാപദി നീക്കുവാനായ്
(ആത്മാനുതാപം 3-ാം പാദം 1-4)

തന്റെ മനസ്സിൽ നിലയ്ക്കാത്ത ഒരു പ്രവാഹം പോലെ ഈ ഗാനം അലയടിച്ചുകൊണ്ടിരുന്നപ്പോൾ സഞ്ചാരി ആനന്ദത്തോടെ ആത്മഗതം ചെയ്തു. "വിശുദ്ധ ചാവറയച്ചൻ എന്റെ ജീവിതത്തെ യഥാർത്ഥമായി സ്വാധീനിച്ചു എന്നതിന്റെ തെളിവാണിത്'. അയാളുടെ ഓർമ്മകൾ പിന്നോട്ടു പാഞ്ഞു. തന്റെ ജീവിതത്തെ മാറ്റിമറിച്ച ആ ദിവസത്തിന് മുൻപിലെത്തി നിന്നു.

"നീർച്ചാൽ തേടുന്ന മാൻപേടയെപോലെ, ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു; ജീവിക്കുന്ന ദൈവത്തിനുവേണ്ടി തന്നെ." (സങ്കീ. 42:1-2) ദൈവ ദർശനത്തിനായുള്ള ആഗ്രഹം എന്നിൽ വളർന്നുവന്നപ്പോൾ ദാവീദിനെപ്പോലെ ഞാനും ഇപ്രകാരം പ്രാർത്ഥിച്ചു. ദൈവാഭിമുഖ്യം എന്നിൽ രൂഢമൂലമായപ്പോൾ ലോക സന്തോഷങ്ങളെല്ലാം എന്നിൽ അരോചകത്വം സൃഷ്ടിച്ചു. എന്റെ ഉള്ളിലുള്ള ശൂന്യത നിറയ്ക്കുവാൻ ദൈവത്തിനേ സാധിക്കൂ എന്ന് ബോധ്യമായപ്പോൾ എല്ലാം ഉപേക്ഷിച്ച് ഞാൻ യാത്ര തുടങ്ങി.

ഒരിക്കൽ ഒരു ദേവാലയത്തിൽ അല്പസമയം പ്രാർത്ഥിക്കുവാനായി ഞാൻ കടന്നുചെന്നു. അന്ന് ഒരു ജനുവരി മൂന്നാം തിയ്യതി ആയിരുന്നു. ദിവ്യബലി മധ്യേ വൈദികൻ വിശുദ്ധ ചാവറ പിതാവിനെകുറിച്ച് പറഞ്ഞ പ്രസംഗം എന്നെ വളരെയധികം സ്പർശിച്ചു. അദ്ദേഹത്തിന്റെ ദൈവദർശനദാഹത്തെ കുറിച്ചുള്ള പരാമർശം എന്റെ കണ്ണുകളെ ഈറനണിയിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ വലിയ ആവേശമായിരുന്നു. വിശുദ്ധ ചാവറയച്ചനെ കുറിച്ച് കിട്ടാവുന്നതെല്ലാം ശേഖരിച്ച് വായിച്ചു. "മാർത്തോമാ ശ്ലീഹായിൽ നിന്നും നേരിട്ട് സത്യവിശ്വാസം സ്വീകരിക്കാൻ ഈ മലയാളത്തിന് ഇടവന്നിട്ടും അതിനുശേഷം പല നൂറ്റാണ്ടുകൾ കഴിഞ്ഞ് വിശ്വാസം സ്വീക

രിച്ച പല നാടുകളിലും ഉള്ളതുപോലെ ഇവിടെ വിശുദ്ധർ ഉണ്ടായില്ല എന്ന് ഹൃദയ വ്യഥയോടെ പറഞ്ഞ് വിശുദ്ധ ജീവിതം നയിച്ച ചാവറയച്ചൻ ഒരു പുണ്യവാൻ ആയി ജീവിക്കാൻ വെല്ലുവിളിക്കുന്നതായി സഞ്ചാരിക്ക് തോന്നി. ദൈവിക ദർശനം സിദ്ധിച്ചവർക്ക് ഏത് അവസരത്തിലും ദൈവത്തിന്റെ, പരിശുദ്ധാത്മാവിന്റെ വെളിച്ചത്തിൽ ദൈവഹിതം പ്രവർത്തിക്കാൻ സാധിക്കും. ഇതിന് തെളിവാണ് ചാവറയച്ചൻ സെമിനാരിയിൽ പഠിക്കുമ്പോൾ മാതാപിതാക്കളുടേയും ഏക സഹോദരന്റേയും മരണത്തിന് ശേഷം കുടുംബ ജീവിതത്തിലേക്ക് തന്നെ പ്രവേശിപ്പിക്കുവാനുള്ള ബന്ധുക്കളുടെ നിർബന്ധത്തിനു വഴങ്ങാതെ സ്വത്ത് എല്ലാം ഉപേക്ഷിച്ച് "കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും" (സങ്കീ 16:5) എന്നുദ്ഘോഷിച്ചുകൊണ്ട് സെമിനാരിയിലേക്ക് പ്രവേശിച്ചത് എന്നയാൾ കണ്ടു. ചാവറപിതാവിനെ മനസ്സിൽ കണ്ട് അയാൾ പ്രാർത്ഥിച്ചു. ഞാനും ദൈവദർശനത്തിനായി എല്ലാം ഉപേക്ഷിച്ച് വന്നിരിക്കുകയാണ് എന്നെ സഹായിക്കണമേ.

ചിന്തകൾക്ക് വിരാമം ഇട്ടുകൊണ്ട് സഞ്ചാരി അടുത്തുകണ്ട ദേവാലയത്തിന്റെ പടിവാതിക്കലേക്ക് വിശ്രമത്തിനായി പോയി കർത്താവിന്റെ മടിയിൽ ശാന്തമായി ഉറങ്ങിയ രാത്രിയിൽ അയാൾക്ക് അതിമനോഹരമായ ഒരു സ്വപ്നം ഉണ്ടായി. "കാരുണ്യരൂപനാം ദൈവകുമാരന്റെ കാരുണ്യശോഭയെ കാണാകേണം" എന്നയാളുടെ ഹൃദയം അപ്പോഴും പാടുന്നുണ്ടായിരുന്നു. "ദൈവദർശനം പ്രാപിക്കുന്ന ആത്മാവ് മനുഷ്യാവതാരത്തിന്റേയും അതിനെ ആശ്രയിച്ചു നിൽക്കുന്ന ദൈവത്തിന്റെ നിത്യ നിശ്ചയങ്ങളുടേയും അഗ്രാഹ്യ രഹസ്യങ്ങൾ അറിയുവാനും ആശ്വസിക്കുവാനും താല്പര്യപ്പെടും (സ്നേഹഗീതം പേജ് 259) മറ്റൊന്നും എനിക്ക് വേണ്ട യേശുവിന്റെ ജീവിതം മുഴുവൻ കണ്ടാൽ മതി എന്നുള്ള ഹൃദയത്തിന്റെ കേഴലിന് ഉത്തരം അയാൾക്ക് കൊടുക്കുവാൻ കർത്താവ് തിരുമനസ്സായി വി. ചാവറയച്ചൻ തന്റെ സമീപെനിന്ന് തന്നെ തട്ടിയുണർത്തുന്നതായി അയാൾ കണ്ടു. അയാൾ ഒരു സ്വരം കേട്ടു "നിനക്ക് ദൈവത്തം കാണണമെങ്കിൽ ഇനി ഉറങ്ങരുത് എഴുന്നേറ്റ് ഞാൻ കാണിച്ചുതരുന്ന വഴിയിലൂടെ നീങ്ങുക" അയാൾ ധ്രുതഗതിയിൽ യാത്രയ്ക്കൊരുങ്ങി ചെരുപ്പ് ധരിച്ച് തന്റെ സഞ്ചിയുമെടുത്ത് സ്വപ്നത്തിൽ കണ്ട ദിക്കിലേക്ക് യാത്ര തുടങ്ങി.

"നിങ്ങൾ ഏകാഗ്രമായിരിക്കുമ്പോൾ എന്തെങ്കിലും ഒരു വസ്തുവോ, വ്യക്തിയോ സ്ഥിരം മനസ്സിലേക്ക് വരുകയാണെങ്കിൽ അതിനോടാണ് നിനക്ക് മമത" എന്ന് കഴിഞ്ഞ ദിവസം കേട്ടത് അയാളുടെ ഓർമ്മയിൽ വന്നു. കണ്ണടച്ചാലും തുറന്നാലും തന്റെ ഉള്ളിൽ

നിറഞ്ഞു നിൽക്കുന്നത് യേശു മാത്രമാണെന്ന് വലിയ സന്തോഷ ത്തോടെ അയാൾ ഓർത്തു. "നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടും പൂർണ ആത്മാവോടും പൂർണശക്തി യോടും കൂടി സ്നേഹിക്കുക" (നിയമാ 6/5 എന്ന തിരുവചന ത്തിന്റെ അർത്ഥം ഇപ്പോൾ ശരിയായി മനസ്സിലാവുന്നു. കാരണം മറ്റു പലതിനോടും താൽപ്പര്യം തോന്നിയിരുന്ന കാലങ്ങളിൽ അവ യായിരുന്നു ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നതെന്ന് അയാൾ ഓർമ്മിച്ചു. "യേശുവിനെ കാണണം എനിക്ക് യേശുവിനെ കാണണം" എന്ന് പാടിക്കൊണ്ട് അയാൾ യാത്ര തുടർന്നു. വഴി യോര കാഴ്ചകൾ ഒന്നും തന്നെ ദൈവസാന്നിദ്ധ്യ സ്മരണ യിൽനിന്ന് പിന്തിരിപ്പിക്കുന്നില്ല എന്നയാൾ ആനന്ദത്തോടെ അറി ഞ്ഞു. ദൈവസാന്നിധ്യസ്മരണ! ദൈവം കൂടെ നടക്കുന്ന അനുഭവം തേടുന്നു. ദൈവം കൂടെ നടക്കുന്ന അനുഭവം തരുന്നു. "എന്നെ സ്മരിക്കുന്നത് തേനിനേക്കാളും എന്നെ സ്വന്തമാക്കുന്നത് തേൻ കട്ട യേക്കാളും മാധുര്യം പകരും" എന്ന തിരുവചനത്തിന്റെ അർത്ഥം അയാൾക്ക് അനുഭവവേദ്യമായി. അയാൾ ചിന്തിച്ചു ഈ മധുരാനു ഭവം സ്വന്തമാക്കിയത്കൊണ്ടല്ലേ വി. ചാവറയച്ചൻ ഇങ്ങനെ പറഞ്ഞ് " ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ, എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ, തന്റെ അരികെ നടുപ്പിൻ, തന്നോടു കൂടെ എപ്പോഴും സംസാരിപ്പിൻ. (കത്തുകൾ VII/6) ഈ വാക്കുക ളുടെ മാധുര്യം നുകർന്നുകൊണ്ട് വിശുദ്ധ ചാവറയച്ചനോട് ചേർന്ന് വീണ്ടും അയാൾ പാടി

" എത്രയും ചിത്രമാ നിൻമുഖപത്മത്തെ
ഏകാന്ത പ്രേമത്തിൽ പാർക്കുന്നഹം"
(ആത്മാനുതാപം കകക. 53ൽ)

സ്നേഹം വചനം കൊണ്ടുമാത്രം തൃപ്തിയാവുന്നില്ല. സ്നേഹിതനെ കണ്ടെത്തിയ അയാളുമായി ഏകീഭവിക്കുന്നതിന് യഥാർത്ഥ സ്നേഹം വെമ്പൽകൊള്ളുന്നു. തിരുമുഖദർശന വാഞ്ച യോടെ നടന്ന അയാൾ ഒരു പുഴയുടെ തീരത്തെത്തി. അയാൾ ചുറ്റും നോക്കി. അല്പം അകലെയായി ഒരു വലിയ ഇരുമ്പുപാലം കാണുന്നുണ്ട്. പുഴയുടെ അക്കരെ പോവൂ എന്ന് തന്റെയുള്ളിൽ ശക്തമായി ആരോ പറയുന്നതായി അയാൾക്ക് തോന്നി. ഉറച്ച കാൽവെയ്പുകളോടെ അയാൾ പാലത്തിനടുത്തേക്ക് നീങ്ങി. സാവധാനം പാലത്തിനു മുകളിൽ കയറി. മറുക്കര അവ്യക്തമായി കാണാം പാലത്തിനടിയിൽ നിലയില്ലാത്ത ജലം. ഒന്നും അയാളെ തെല്ലും ഭയപ്പെടുത്തിയില്ല. മുന്നിൽ ഒരേ ഒരു ലക്ഷ്യം മാത്രം ദൈവ ദർശനം.

"എത്രനാളായി എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട് ഇനി താമസിച്ചാൽ ചത്തുപോകും. അതിനാൽ എന്റെ കാട്ടുവടിയും തൊപ്പിപ്പാളയും എടുത്ത് ഞാനിതാ നടക്കുന്നു" (ധ്യാനസല്ലാപം പേജ് 16) എന്ന ചാവറ പിതാവിന്റെ വാക്യം തന്റേതാക്കിക്കൊണ്ട് അയാൾ നടന്നു.

പാലത്തിലൂടെയുള്ള യാത്രയിൽ സഞ്ചാരിക്ക് ഒരു കാര്യം ബോധ്യപ്പെട്ടു. ഞാൻ നടുക്കുംതോറും ദൂരം കൂടുന്നത് പോലെ. മറുകര തീരെ വ്യക്തമല്ല. താൻ ഇങ്ങനെ ഇറങ്ങിപുറപ്പെടേണ്ടിയിരുന്നോ എന്നൊരു ചോദ്യം അയാളുടെ ഉള്ളിൽ ഉയർന്നു. അയാൾ താഴേക്ക് നോക്കി ശാന്തമായി ഒഴുകുന്ന പുഴയുടെ ഭാവം അന്നാദ്യമായി അയാളിൽ ഭയം ജനിപ്പിച്ചു. തന്റെ ശരീരമാസകലം തളരുന്നതുപോലെ. മുൻപോട്ട് നടന്ന അയാൾ പിന്തിരിഞ്ഞു നോക്കി മുമ്പിലും പിമ്പിലും സമദൂരം തന്നെ. കര അവ്യക്തമാണ്. മുൻപോട്ട് നടക്കാൻ ശ്രമിച്ച അയാൾക്ക് ഒരു സത്യം മനസ്സിലായി. ഒരടി പോലും മുൻപോട്ട് വെക്കാനാവാത്ത വിധം ഞാൻ തളരുകയാണ്. പൂർണ്ണ ആരോഗ്യവാൻ ആയ തന്റെ ശക്തിയെല്ലാം ചോർന്നുപോവുന്നത് അയാൾക്ക് അസഹനീയമായിരുന്നു.

പെട്ടെന്നാണത് സംഭവിച്ചത്! മുമ്പോട്ട് നടന്ന അയാൾ വീണു. 'ദൈവമേ നീ എന്നെ പരീക്ഷിക്കുകയാണോ' എന്ന് ഹൃദയം നുറുങ്ങി അയാൾ ചോദിച്ചു. മറുപടിയായി ഒരു പരിഹാസ സ്വരമാണ് അയാൾ കേട്ടത്. "വിഡ്ഢി, ഒരു ദൈവവും നിന്നെ സഹായിക്കില്ല." ഈ പരിഹാസത്തിന് ചെവി കൊടുക്കാതിരുന്നപ്പോൾ മൃദുലവും ശക്തവുമായ മറ്റൊരു സ്വരം അയാൾ കേട്ടു. "നിന്റെ തോളിലെ സഞ്ചി ഈ പുഴയിലേക്കെറിയൂ". അയാൾ ഞെട്ടിപ്പോയി, ദൈവമേ, ഞാൻ എല്ലാം ഉപേക്ഷിച്ചതാണ്. സമ്പത്ത്, പ്രിയപ്പെട്ടവർ എല്ലാം. ആകെയുള്ള ഈ സഞ്ചിയിൽ ഏറ്റവും ആവശ്യവസ്തുക്കൾ മാത്രമേയുള്ളൂ. ഇത് കളഞ്ഞാൽ ഉടുതുണിക്ക് മറുതുണി ഇല്ലാത്ത അവസ്ഥയിലാവും ഞാൻ എന്നയാൾ പറഞ്ഞു. പക്ഷേ ആ സ്വരം കൂടുതൽ ശക്തമായി പറഞ്ഞു "നിന്റെ സഞ്ചി ഉപേക്ഷിക്കാനാതെ ഇനി നിനക്ക് യാത്ര തുടരാനാവില്ല".

ദൈവദർശനത്തിനായുള്ള തന്റെ ഈ യാത്ര പാതിവഴിയിൽ ഉപേക്ഷിക്കാനാവാതെ നിറമിഴികളോടെ വലിയ ഹൃദയവ്യഥയോടെ തന്റെ സഞ്ചി പുഴയിലേക്കെറിഞ്ഞു. ഞൊടിയിടയിൽ തന്റെ ക്ഷീണവും ഭാരവും കുറഞ്ഞതായി അയാൾക്ക് അനുഭവപ്പെട്ടു. "സ്വർണ്ണത്തെ പൊടിയിലും ഓഫർ പൊന്നിനെ നദീതടത്തിലെ കല്ലുകൾക്കിടയിലും എറിയുമെങ്കിൽ സർവ്വശക്തൻ നിനക്ക് സ്വർണവും വിലപിടിച്ച വെള്ളിയും ആകുമെങ്കിൽ, നീ സർവ്വശക്തനിൽ ആനന്ദിക്കുകയും ദൈവത്തിന്റെ നേരെ മുഖം ഉയർത്തുകയും ചെയ്യും. നീ

അവിടത്തോട് പ്രാർത്ഥിക്കുകയും അവിടുന്ന് ശ്രവിക്കുകയും ചെയ്യും. (ജോബ് 22:24-27). എന്ന് അവിടെ ശ്രവിച്ചപ്പോൾ ഉപേക്ഷയുടെ വ്യഥ മാറി ഹൃദയം സന്തോഷത്താൽ നിറയുന്നതയാൾ അനുഭവിച്ചു. പക്ഷേ ഈ സന്തോഷം അധികനേരം നീണ്ടുനിന്നില്ല.

മുൻപോട്ട് നടന്ന അയാളുടെ കാലുകളെ കഠിനമായ വേദന പിടികൂടി. മുൻപോട്ട് നടക്കാനാവാതെ വീണ്ടും ആ പാലത്തിനു മുകളിൽ തളർന്നിരിക്കുമ്പോൾ കൂടുതൽ സ്പഷ്ടമായി ഒരു സ്വരം കേട്ടു. "നീ കടന്ന് ചെല്ലാൻ ഇരിക്കുന്ന സ്ഥലം പരിശുദ്ധമായതിനാൽ നിന്റെ ചെരുപ്പുകൾ ഈ പുഴയിലേക്കെറിയുക." എല്ലാം ഞാൻ ഉപേക്ഷിച്ചു. പക്ഷേ, ചെരുപ്പുകൾ ഉപേക്ഷിക്കാനാവില്ല. എന്നയാൾ തീർത്തും പറഞ്ഞു.

"നിന്റെ ചെരുപ്പ് അഴിച്ചു മാറ്റുക. എന്തുകൊണ്ടെന്നാൽ, നീ നിലനിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്." (പുറപ്പാട് 3:5) എന്ന വചനം നൽകിയ ആന്തരിക പ്രേരണയാൽ ചെരിപ്പുകൾ പുഴയിലേക്ക് വലിച്ചെറിഞ്ഞു. സുരക്ഷിതത്വങ്ങളെല്ലാം ഭേദിക്കപ്പെട്ട ആ നിമിഷങ്ങളിൽ വീണ്ടും ആ പരിഹാസ സ്വരം അയാൾ കേട്ടു. "ശരിക്കും വിഡ്ഢിയാണ് നീ, നിനക്കിവിടെ നിന്ന് രക്ഷയില്ല." ഈ പരിഹാസശരത്താൽ വ്രണിതനായി സഞ്ചാരി അന്നാദ്യമായി ഉറക്കെ വിളിച്ചു. "യേശുവേ എന്നെ സഹായിക്കണമേ". ഉടനടി ശക്തമായ രണ്ടു കരങ്ങൾ എന്റെ തോളിൽ പതിയുന്നത് അയാൾ അറിഞ്ഞു. ആ കരസ്പർശനം ഏറ്റ മാത്രയിൽ സകലവിധ ക്ഷീണവും അസ്വസ്ഥതയും അയാളെ വിട്ടുമാറി. "എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിയ്ക്കതീതമായ മഹത്വവും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും." (ജെറ 33:5). നീ എന്നെ വിളിക്കുന്നത് കേൾക്കാൻ ഞാൻ കാത്തു നിൽക്കുകയായിരുന്നു എന്ന് തന്നോട് പറയുന്ന യേശുവിനെ അയാൾ കൺനിറയെ കണ്ടു. യേശു തന്റെ കരം പിടിച്ചപ്പോൾ കണ്ണെത്താ ദൂരത്തോളം നീണ്ടുകിടക്കുന്ന ആ പാലം നിമിഷനേരം കൊണ്ട് താൻ പിന്നിടുന്നതയാൾ അറിഞ്ഞു. യേശു ദർശനം ലഭിച്ച സഞ്ചാരിയുടെ കണ്ണുകൾ നിറഞ്ഞൊഴുകുവാൻ തുടങ്ങി. ദൈവ ദർശന ദാഹം തന്നിൽ അങ്കുരിപ്പിച്ച, വിശുദ്ധ ജീവിതത്തിനായി തന്റെ ജീവിതംകൊണ്ട് വെല്ലുവിളിച്ച വി. ചാവറയച്ചന്റെ വിശുദ്ധ സാന്നിധ്യത്തിനും മദ്ധ്യസ്ഥതക്കും ചാവറയച്ചനോട് ചേർന്ന് അയാൾ പറഞ്ഞു "കർത്താവേ ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കെയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്ക് മുഴുവനും കയ്യാളിക്കുന്നു." (ധ്യാന സല്ലാപങ്ങൾ). ധ്യാനയോഗിയായ ചാവറച്ചനോട് ചേർന്ന് സഞ്ചാരി യാത്ര തുടർന്നു. പരിപൂർണ്ണതയിലേക്കുള്ള തന്റെ യാത്ര.

# പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ കെ.എൽ. ലോയ്ഡ് സ്വാഗതം പറഞ്ഞു.
2. നവംബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. ഡിസംബർ 24ന് മുമ്പായി മണിമാളികയുടെ കേടുപാടുകൾ താൽക്കാലികമായി തീർക്കണമെന്നും, ജനുവരിമാസത്തെ പ്രതിനിധിയോഗത്തിൽ മണിമാളികയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള ബഡ്ജറ്റും നിർമ്മാണ രീതിയും അവതരിപ്പിക്കുവാനും കൺസ്ട്രക്ഷൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകി.
4. തിരുനാളിനോടനുബന്ധിച്ച് ആത്മീയ തലത്തിലും കാരുണ്യതലത്തിലും ആഘോഷ തലത്തിലും ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് അച്ചൻ വിശദീകരിച്ചു.
5. കൈക്കാരൻ ജോഫി ജോസഫ് നന്ദി പറഞ്ഞു.

| സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ.എൽ.എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി.എൽ.സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി.എൽ.സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ.സി.വൈ.എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# സംഘടനാ വാർത്തകൾ

**തിരുബാലസഖ്യം**

* ഡിസംബർ 1ന് ഉണ്ണീശോയ്ക്ക് സുകൃതമരം ഒരുക്കി. ഉണ്ണീശോയ്ക്ക് സമ്മാനം & മധുരം എന്ന പേരിൽ ഇടവകക്കാരിൽ നിന്നും ശേഖരിച്ച സമ്മാനങ്ങൾ അനാഥക്കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനങ്ങളായി നൽകി.
* ഡിസംബർ 1ന് മതബോധന വിദ്യാർത്ഥികൾ ഉണ്ണീശോയ്ക്ക് എഴുതിയ കത്തുകൾ ചേർത്ത് ക്രിസ്തുമസ് ഡയറി പുറത്തിറക്കി.
* ഡിസംബർ 6ന് തിരുബാലസഖ്യാംഗങ്ങൾ വയോജനങ്ങളെ ആദരിച്ചു. ഒരു കുടുംബകൂട്ടായ്മയിൽ നിന്ന് ഏറ്റവും പ്രായം കൂടിയ ഒരു അപ്പച്ചന്റേയും ഒരു അമ്മച്ചിയുടേയും വീടുകളിൽ പോയി ആദരിച്ചു.
* ഡിസംബർ 23ന് ക്രിസ്തുമസ് സാന്താ ബേബി കോണ്ടസ്റ്റ് & ക്രിസ്തുമസ് കാർഡ് മത്സരം നടത്തി.
* ഡിസംബർ 24ന് ആതുരാലയ സന്ദർശനം നടത്തി കേക്ക്, ക്രിസ്തുമസ് കത്തുകളും നൽകിക്കൊണ്ട് ക്രിസ്തുമസ് കാരുണ്യസ്പർശ് നടത്തി.
* ഡിസംബർ 28ന് കുഞ്ഞു പൈതങ്ങളുടെ ദിനത്തോടനുബന്ധിച്ച് തൊട്ടിൽ സമർപ്പണവും കാഴ്ച സമർപ്പണവും മധുരവിതരണവും നടത്തി.
* ഡിസംബർ 31ന് ഉണ്ണീശോയ്ക്ക് പൊൻകൊടി സമർപ്പണം നടത്തി.

**കത്തോലിക്ക കോൺഗ്രസ്സ്**

* ഇടവകയിലെ 25 ഭവനങ്ങൾക്ക് ഡിസംബർ 24ന് ക്രിസ്തുമസ് കിറ്റ് നൽകി.
* ഡിസംബർ 28ന് ജീസ്സസ് ബർത്ത്ഡേ പാർട്ടിക്ക് നേതൃത്വം നൽകി.

**റോസ മിസ്റ്റിക്ക ഡെക്കറേഷൻ സമിതി**

* ഡിസംബർ 8ന് സംഘടനയുടെ വാർഷിക ദിനമായി ആഘോഷിച്ചു. രാവിലെ വി. കുർബാനക്ക് കാഴ്ചസമർപ്പണവും ശേഷം പതാക വന്ദനവും നടത്തി. ഉച്ചതിരിഞ്ഞ് വാർഷിക പൊതുയോഗവും കുടുംബസംഗമവും നടത്തി. അന്നേദിവസം ഇടവകയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരു പാവപ്പെട്ട കുടുംബത്തിന് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകി.

**മാതൃവേദി**

* പിറവിതിരുനാളിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 24 വരെ ഉണ്ണിക്കൊന്ത ദേവാലയത്തിൽ ചൊല്ലി പ്രാർത്ഥിച്ചു.
* ഡിസംബർ 22ന് മാതൃവേദി അമ്മമാർ കിടപ്പുരോഗികൾക്ക് ക്രിസ്തുമസ് മധുരം നൽകി.
* ക്രിസ്തുമസിനോടനുബന്ധിച്ച് കേക്ക് വിൽപ്പന നടത്തി.

**കെ.എൽ.എം.**

* സംഘടനയുടെ നേതൃത്വത്തിൽ ഡിസംബർ 21ന് ചെറിയ നോമ്പുകാല ബോധവൽക്കരണ ലഘുലേഖ വിതരണം നടത്തി.
* ക്രിസ്തുമസ് സമ്മാന കൂപ്പൺ പുറത്തിറക്കി.
* സംഘടനയുടെ നേതൃത്വത്തിൽ നോമ്പ് വീടൽ നടത്തി.

**കെ.സി.വൈ.എം.**

* സംഘടനയുടെ നേതൃത്വത്തിൽ ഡിസംബർ 24ന് നോയേൽ 2025 ക്രിസ്തുമസ് ആഘോഷ റാലി നടത്തി.

**ജീസ്സസ് യൂത്ത്**

* ഡിസംബർ 24ന് നോയേൽ 2025 ക്രിസ്തുമസ് ആഘോഷറാലി നടത്തി.
* ഡിസംബർ 28ന് ജീസ്സസ് ബർത്ത്ഡേ പാർട്ടി ഒരുക്കി. ക്രിസ്തുമസ് പരിപാടികളും സമ്മാനങ്ങളുമായി ആതുരാലയത്തിൽ ക്രിസ്തുമസ് അഘോഷിച്ചു.

**ജൂനിയർ സി.എൽ.സി.**

* പിറവിത്തിരുനാളിനോടനുബന്ധിച്ച് 25 ദിവസവും ദേവാലയത്തിൽ അനുദിനം പ്രാർത്ഥിക്കാനുള്ള ദൈവവചനവും സുകൃത ജപവും എഴുതിപ്രദർശിപ്പിച്ചു.
* ഡിസംബർ 7ന് കുടുംബകൂട്ടായ്മകൾക്കുള്ള സെയിന്റ്സ് ക്വിസ് നടത്തി.
* ഡിസംബർ 8ന് അമലോത്ഭവ തിരുനാൾ ആചരിച്ചു. രാവിലെ അമ്മ മനോഹരി സമർപ്പണത്തിനും തിരുനാൾ കുർബാനയ്ക്കും തിരുനാൾ കാരുണ്യസമർപ്പണത്തിനും നേർച്ച വിതരണത്തിനും നേതൃത്വം നൽകി. തുടർന്ന് ജൂബിലി സമർപ്പണവും നടത്തി.
* ഡിസംബർ 14ന് ജൂനിയർ സി.എൽ.സി. ദിനമായി ആചരിച്ചു. സംഘടനയുടെ വാർഷിക പൊതുയോഗത്തെ തുടർന്ന് കുടുംബസംഗമവും ആദരണീയവും സമ്മാനദാനവും സ്നേഹവിരുന്നും നടത്തി.
* ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 24ന് ക്രിസ്തുമസ് കരുതൽ എന്നപേരിൽ വാലായ്മയുള്ള ഭവനങ്ങൾ സന്ദർശിച്ചു.

**യൂത്ത് സി.എൽ.സി.**

* സംഘടനയുടെ നേതൃത്വത്തിൽ ക്രിസ്തുമസിന് ഒരുക്കമായി നക്ഷത്ര വില്പന നടത്തി.



# 45th

# Happy ANNIVERSARY

26-01-2026

## THOMSON THACHIL
## JOISY THOMSON

***Best Compliments From:***

Madona Thachil | Rev. Fr. Fidel Thachil SDB
Earnesto Thachil | Bhagyalakshmi
Reuben John Thachil | Esra John Thachil

1st Happy Birthday!



27-01-2026



# Luke Raphael Ajin

S/o Ajin Anto & Shalini Ajin
Madathiparambil House
Kunnamkulam



*Best Compliments From:*

Miriam Rose Ajin

* പിറവിതിരുനാളിനോടനുബന്ധിച്ച് 25 ദിവസവും ദേവാലയത്തിൽ അനുദിനം പ്രാർത്ഥിക്കാനുള്ള നിയോഗവും ചെയ്യാനുള്ള സൽപ്രവൃത്തികളും എഴുതി പ്രദർശിപ്പിച്ചു. കൂടാതെ ഓരോ മണിക്കൂറിലും നിശ്ചയിക്കപ്പെട്ട മാലാഖമാരുടെ പേരുകൾ നക്ഷത്രത്തിൽ എഴുതി ദൈവാലയാങ്കണത്തിൽ തൂക്കിയിട്ടിരുന്നു.
* പിറവിതിരുനാളിനോടനുബന്ധിച്ച് ഇടവക ജനങ്ങളിൽ നിന്നും ശേഖരിച്ച ക്രിസ്തുമസ് സമ്മാനങ്ങൾ ആശുപത്രികളിലെ കുട്ടികൾക്ക് നൽകി.
* ക്രൈസ്തവ പാരമ്പര്യത്തിലെ ക്രിസ്തുമസ് Advent Wreathന്റെ ഭാഗമായി 4 ഞായറാഴ്ചകളിൽ തിരിതെളിയിച്ച് ഓരോ ആഴ്ചയിലേയും തിരി പ്രതിനിധാനം ചെയ്യുന്ന പുണ്യം ഈ ഭൂമിയിലെ ഓരോ മക്കളിലും നിറയാൻ അംഗങ്ങൾ കർത്തൃപ്രാർത്ഥന ചൊല്ലി പ്രാർത്ഥിച്ചു.
* ഡിസംബർ 31ന് പഴയ മനുഷ്യനെ കത്തിച്ചുകൊണ്ട് പുതുവർഷത്തെ വരവേറ്റു

**അൾത്താരസംഘം**

* തിരുപ്പിറവിക്കായുള്ള തൊട്ടിൽ ഇടവകാംഗങ്ങൾ വചനങ്ങൾ എഴുതി സജ്ജീകരിക്കാൻ സംഘടന നേതൃത്വം നൽകി. ഉണ്ണീശോയുടെ വിശുദ്ധരെ 25 ദിവസവും പരിചയപ്പെടുത്തി നൽകി.
* ഡിസംബർ 8ന് ജൂബിലി സമർപ്പണം നടത്തി.
* ഡിസംബർ 14ന് കുടുംബകൂട്ടായ്മകളിലൂടെ ബൈബിൾ ജ്യോതി പ്രയാണത്തിന് നേതൃത്വം നൽകി.
* ഡിസംബർ 22ന് ക്രിസ്തുമസ് കരോൾ നടത്തി. കുടുംബകൂട്ടായ്മയിലെ തെരഞ്ഞെടുക്കപ്പെട്ട ഓരോ ഭവനങ്ങളിലും കരോൾ ഗാനങ്ങൾ ആലപിച്ച് മധുരം പങ്കിട്ടു.
* ഡിസംബർ 31ന് ഉണ്ണീശോയ്ക്ക് പുണ്യമാല സമർപ്പണം നടത്തി.
* പിറവിതിരുനാളിനോടനുബന്ധിച്ച് ഇടവകാംഗങ്ങൾക്കായി നാനോ ക്രിബ് മത്സരം നടത്തി.
* ക്രിസ്തുമസ് ആഘോഷപരിപാടികളായ സ്റ്റാർ ഓഫ് ക്രിസ്തുമസ് & ക്രിസ്തുമസ് കിറ്റ് വിതരണവും നടത്തപ്പെട്ടു.
* ഡിസംബർ 31ന് ഉണ്ണീശോയ്ക്ക് സുകൃതബൊക്കെ സമർപ്പിച്ചു.

**ഗായകസംഘം**

* ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 24ന് ക്രിസ്തുമസ് കരോൾ ഗാനാലാപനത്തിനും പിറവി തിരുനാൾ തിരുകർമ്മങ്ങൾക്കും, കുർബാനക്കും, ബൈബിൾ മാസാചരണ സമാപനത്തിനും നേതൃത്വം നൽകി.

# ഇടവക ആൽബം

ബേബി സാന്താ കോണ്ടസ്റ്റ്



Advant റീത്ത്



അഭയം 2025




യുവജനപ്രതിഭ അവാർഡ് 2025



ക്രിസ്തുമസ് കാരുണ്യ ദിനം



റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി ദിനം



# ഇടവക ആൽബം

ക്രിസ്തുമസ് ഫെസ്റ്റ് 2025



# ഇടവക ആൽബം

വിശ്വാസപരിശീലന ദിനം & സംഘടനകളുടെ സംയുക്ത വാർഷികം



എയ്സ്ഡ് ദിനം



കെ.സി.വൈ.എം. പുൽക്കൂട്





# 5th
# DEATH ANNIVERSARY
02-01-2026



Born
4-4-1940

## Rosily Augestin

Died
02-01-2021

W/o. Alikkall Augustin
Alikkal House, Chiralayam

*Sorrowing Family*


പാവനസ്മരണയ്ക്ക്
15-ാം ചരമവാർഷികം
07-01-2026
കല്ലച്ചൻമുറി
പൈലി
കുഞ്ഞില
ചിറളയം
സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


18-ാം
ചരമവാർഷികം
30-01-2026
കെ.സി. ജോർജ്ജ്
കുറ്റിക്കാട്ട് ഹൗസ്
ചിറളയം
ഓർമ്മകളോടെ... കുടുംബാംഗങ്ങൾ

# ഇടവക ആൽബം

കുട്ടികൂട്ടായ്മ പുൽക്കൂട്








നോയൽ 2025








ജൂനിയർ സി.എൽ.സി. ദിനം






# ഇടവക ആൽബം

സ്നേഹോത്സവം





വചനതൊട്ടിൽ



സുകൃത മരം




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻ ചർച്ച്

**ഇടവകദിനവും, കുടുംബകൂട്ടായ്മകളുടെ സംയുക്ത വാർഷികവും, ജൂബിലി വർഷ സമാപനവും**

**2026 ജനുവരി 18 ഞായർ, വൈകിട്ട് 6 മണി**

*ഉദ്ഘാടനം*



**മാർ ബോസ്കോ പുത്തൂർ**
(എമരിറ്റസ് ബിഷപ്, മെൽബൺ രൂപത)

*അദ്ധ്യക്ഷൻ*



**ഫാ. ഡെയ്സൻ മുണ്ടോപുറം**
(ഇടവക വികാരി)

ഇടവകാംഗങ്ങൾ അവതരിപ്പിക്കുന്ന നാടകം **സൈന്യാധിപൻ**

*ജൂനിയർ സി.എൽ.സി. പംക്തി*



# ദൈവത്തിലെ വിശ്വാസം

ലിസ് മിസ്റ്റിക്ക

നമ്മൾ ദൈവത്തിൽ വിശ്വസിച്ച് വേണം ഓരോ കാര്യങ്ങൾ ചെയ്യാൻ. ദൈവം നമുക്ക് ഈശോയെ നൽകി നമ്മുടെ പാപങ്ങൾ കഴുകി കളയാനും നമ്മെ വിശ്വാസത്തിലേക്ക് നയിക്കാനും ഈശോ ആ ദൗത്യം പൂർത്തിയാക്കുകയും ചെയ്തു. ഈശോയുടെ ദൈവത്തിന്റെ വിശ്വാസം ഉത്ഥാനത്തിലേക്കു നയിച്ചു. നമ്മൾ ദൈവത്തിൽ വിശ്വസിക്കാതെ മറ്റുള്ളവരിൽ വിശ്വസിച്ചു പോകുന്നു. അത് വലിയ ദുഃഖത്തിലേക്ക് നമ്മെ നയിക്കുന്നു. നമ്മൾ ദൈവത്തെ വിളിക്കുന്നത് ചിലപ്പോൾ നമ്മുടെ അത്യാവശ്യസമയത്ത് ആയിരിക്കും. പരീക്ഷസമയത്തും മറ്റു അവശ്യസമയത്തും എല്ലാവരും ഇത് ചെയ്തിട്ടുണ്ടാകും. ഇത് എഴുതുന്ന ഞാൻ വരെ ചെയ്തിട്ടുണ്ട്. പക്ഷേ ഇത് തെറ്റാണ് ദൈവത്തെ വിളിച്ച് അപേക്ഷിക്കേണ്ടത് നമ്മുടെ ആവശ്യസമയത്ത് മാത്രമല്ല എല്ലാ ദിവസവും ഇത് നമ്മൾ ചെയ്യണം. ജോലി തിരക്കിലും മറ്റു സമയങ്ങളിലും നമ്മൾ ദൈവത്തെ വിളിക്കാൻ മറന്നുപോകാറുണ്ട്. എന്നിട്ടും ദൈവം നമ്മളെ കൈവിടാറില്ല. കുടുംബപ്രാർത്ഥനയിൽ മടി കാണിക്കുക ആ സമയത്ത് ഉറക്കം വരുക. ഇതെല്ലാം നമ്മളെ ദൈവത്തിൽ നമ്മളെ അകറ്റാൻ ഉള്ള സാത്താൻ പ്രലോഭനങ്ങൾ ആണ്. അതുകൊണ്ട് ഉറങ്ങുമ്പോഴും ഉണരുമ്പോഴും ദൈവത്തെ ഒന്നു വിളിക്കാനും ആ ദിവസത്തിനു നന്ദി പറയാനും. ഇതു ചെയ്തത് കൊണ്ട് നമുക്ക് ദൈവത്തോട് വിശ്വാസം കൂടും. പിന്നെ ദൈവം എല്ലാ പരീക്ഷകളിലും അപകടങ്ങളിലും നമ്മുടെ ഓരോ വേദികളിലും കൂടെ ഉണ്ടാവും. ഇടയ്ക്ക് മാത്രം വന്നുപോകേണ്ട ഒന്നല്ല ദൈവത്തോടുള്ള ഭക്തിയും വിശ്വാസവും അത് നമ്മളിൽ എന്നും വേണം. ദൈവത്തിൽ വിശ്വസിച്ചാൽ ഏതുകാര്യവും അസാധ്യമല്ല. ഈശോ ഓരോ കാര്യങ്ങളും ചെയ്യാതിരുന്നത് ദൈവത്തിൽ വിശ്വാസം ഉറപ്പിച്ചാണ്. വിശ്വാസമില്ലാത്തവർക്ക് വിശ്വാസം പകർന്നുകൊടുക്കുക എന്നതാണ് ക്രിസ്ത്യാനികളായ നമ്മുടെ ദൗത്യം. ആ ദൗത്യം നിറവേറ്റാനാണ് ഈശോയെ അയച്ചത്. ഈശോ ആ ദൗത്യം നമുക്ക് പറഞ്ഞുതരികയും ചെയ്തു. നമ്മളും ഈശോയെപ്പോലെ നമുക്ക് തന്നിരിക്കുന്നത് ദൗത്യം പൂർത്തിയാകണം. അതിന് നമുക്ക് ദൈവത്തോടുള്ള വിശ്വാസം വേണം.

## മിഴിവിളക്ക്

# കാവൽ മാലാഖ


### 14. മെബാഹേൽ : "സംരക്ഷണകനായ ദൈവം"
### (മെയ് 26-31 കാലയളവിൽ ജനിച്ചവർക്ക്)


ഈ ദൂതൻ സ്നേഹവും സൗന്ദര്യവും പ്രചോദനവും സ്വാത ന്ത്ര്യവും സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് കൊണ്ടുവരുന്നു. തന്റെ സംരക്ഷണത്തിൻ കീഴിലുള്ളവരുടെ നൈസർഗികമായ കഴിവുകളെ പുറത്തെടുക്കാൻ മെബാഹേൽ സഹായിക്കും. അവർ മിക്കവാറും നല്ല കലാകാരന്മായിരിക്കും, അല്ലെങ്കിൽ നിയ മജ്ഞരും നിയമ നിർമാതാക്കളും, സമ്പത്തു വർദ്ധിപ്പിക്കാനും ഈ ദൂതന്റെ സഹായമുണ്ട്. മനുഷ്യരുടെ പഞ്ചേന്ദ്രിയങ്ങളുടെ കൂർമത വർധിപ്പിക്കാനും ഇദ്ദേഹം തുണയ്ക്കുന്നു. പാചകം, ചിത്രകല എന്നിവയിൽ നിപുണരാകാൻ മെബാഹേൽ സഹായി ക്കും. ചെറിയ കാര്യങ്ങളിൽപ്പോലും ചെറിയവരിൽപ്പോലും സ്നേഹവും കരുതലുമുണ്ടാകും. നാം സകലതിനേയും സ്നേഹിക്കേണ്ടതാണെന്ന് ഇദ്ദേഹം പഠിപ്പിക്കുന്നു. പ്രത്യാശ നഷ്ടപ്പെട്ടവരിൽ ധൈര്യം നിറയ്ക്കാൻ മെബാഹേൽ സഹായി ക്കും.

പ്രാർത്ഥന : വിസ്മയകരമായ ഈ പ്രപഞ്ചം ദൈവമേ അങ്ങാണല്ലോ സൃഷ്ടിച്ചത്. എന്റെ ഭാവി കെട്ടിപ്പടുക്കുവാനാവ ശ്യമായ കഴിവുകൾ എന്നിൽ വളർത്തണമേ. എന്റെ സഹോദരർ അപമാനിക്കപ്പെടുകയോ ആക്രമിക്കപ്പെടുകയോ അനീതിക്കിര യാകുകയോ ചെയ്യുമ്പോൾ പക്വതയോടെ ഇടപെടാൻ എനിക്ക് ശക്തി തരണമേ. സമൂഹത്തിൽ എന്റെ വാക്ക് മൂർച്ചയുള്ളതായി രിക്കട്ടെ. അങ്ങയുടെ നീതിയുടെ ഉപകരണങ്ങളിലൊന്നായി എന്നെ മാറ്റിയാലും.

ഉപദേശം : നിലവാരമുള്ളവ മാത്രം നിർമിക്കുക. എന്റെ നാമ ത്തിൽ നീതി അന്വേഷിക്കുക. മാനവരാശിയുടെ ഭാവിഘടനക ളുടെ നിർമാതാവാണു നീ.

തയ്യാറാക്കിയത്
ഏകോപനസമിതി, കുന്നംകുളം


12th Happy Anniversary
31-01-2026
Jeopaul
Nimmy
Alappat House, Gandhiji Nagar
IInd Avenue, Kunnamkulam
11 Happy Birthday
16-12-2023
Amal Joe


6th Happy Wedding Anniversary
Abee Joe
Aiswarya Abee
Kannanaikal House
Nehru Nagar - Kunnamkulam
Best Compliments From
Jorden Joe Abee | Alwin | Annmariya & Gabriella Mystica
Avin Joe Varghese





Near Veterinary Hospital, Pattambi Road,**Kunnamkulam**

Thrissur Road, **Kunnamkulam**

T: 04885-211078 M: +91 9207 211 078.

KM Trading, Abu Shagara, **Sharjah-UAE** P.B. No. 79625

T: 06-5570879 M: 00971564465704

100% HUID


N

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**


Aleena Kakkassery, Class : VI, St. St.Joseph Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

പാചക കോർണർ

# പിടിയും കോഴിക്കറിയും

ബിന്ദു രാജു



**ചേരുവകൾ**

| | | |
|---|---|---|
| നേരിയ അരിപ്പൊടി | 2 കപ്പ് | Mix Well |
| തേങ്ങ ചിരികിയത് | ഒന്നരകപ്പ് | |
| വെളുത്തുള്ളി | 3 | ചതച്ചത് |
| ചെറുള്ളി | 4 | |
| ചെറിയ ജീരകം | അര ടീസ്പൂൺ | |
| വെള്ളം | 1 ലിറ്റർ | |
| ഉപ്പ് | 1 ടീസ്പൂൺ | |
| വെള്ളം | ഒന്നര ടീസ്പൂൺ - ഉപ്പ് 1 ടീസ്പൂൺ | |
| അരിപ്പൊടി | അര കപ്പ് | |
| തെങ്ങ | 3 | |
| വെള്ളം | കാൽ കപ്പ് | |

**പാചകവിധി :–**

അരിപ്പൊടിയും തേങ്ങ ചിരകിയതും നന്നായി മിക്സ് ചെയ്യുക. 1 ലിറ്റർ വെള്ളത്തിൽ വെളുത്തുള്ളി ചെറുള്ളി ജീരകം ചതച്ചത് ഇട്ട് നന്നായി തിളപ്പിക്കു. ഇതിൽ നിന്ന് ഏകദേശം 2 കപ്പ് വെള്ളം അരിപ്പൊടിയും തേങ്ങ ചിരകയും മിക്സ്ചെയ്ത് ചേർത്ത് നന്നായി ഇളക്കുക. ചൂട് ആറികഴിയുമ്പോൾ നെല്ലിക്ക വലുപ്പത്തിൽ ഉരുളകൾ ഉണ്ടാക്കി മാറ്റിവെയ്ക്കുക. ഒന്നര ലിറ്റർ വെള്ളം 1 ടീസ്പൂൺ ഉപ്പ് ചേർത്ത് നന്നായി തിളപ്പിക്കുക. അതിൽ ബാക്കി വന്ന ജീരകം വെളുത്തുള്ളി ചെറുള്ളി തിളപ്പിച്ച വെള്ളവും ചേർത്ത് തിളപ്പിക്കുക. നന്നായി തിളച്ചു കഴിയുമ്പോൾ ഉരുളകൾ ചേർക്കുക. തിളച്ച് കഴിയുമ്പോൾ ചെറുതായി ഇളക്കുക. അതിൽ അരിപ്പൊടി, തേങ്ങ, വെള്ളം മിക്സ് ചെയ്ത് വച്ചത് ചേർത്ത് പതുക്കെ ഇളക്കി തീ ഓഫ് ചെയ്യുക. കുറച്ച് കുറച്ച് കഴിയുമ്പോൾ ആറുമ്പോൾ കുറുകി വരും.

## കോഴിക്കറി

**ചേരുവകൾ**

| | | | | | |
|---|---|---|---|---|---|
| ഓയിൽ | 4 ടീസ്പൂൺ | വെളുത്തുള്ളി | 8 എണ്ണം | ഗരംമസാല | 2 ടീസ്പൂൺ |
| കോഴി | 1 കി. | കറിവേപ്പില | 3 തണ്ട് | ചൂട് വെള്ളം | 2 1/2 കപ്പ് |
| സബോള | 3 എണ്ണം | ഉപ്പ് | 1/2 ടീസ്പൂൺ | കുരുമുളക്പൊടി | 1 ടീസ്പൂൺ |
| ഇഞ്ചി | 2 ഇഞ്ച് | മുളക്പൊടി | 3/4 ടീസ്പൂൺ | | |
| | | മല്ലിപ്പൊടി | 2 ടീസ്പൂൺ | | |

**പാചകവിധി :–**

ഓയിൽ ചൂടാക്കുക. ഇഞ്ചി വെളുത്തുള്ളി സബോള വഴറ്റുക. ഗോൾഡൻ ബ്രൗൺ നിറമാകുമ്പോൾ മഞ്ഞൾപ്പൊടി, മുളക്പൊടി, ഗരംമസാല, മല്ലിപ്പൊടി ഇവ ചേർത്ത് നന്നായി വഴറ്റിയശേഷം കോഴി ചേർക്കുക. നന്നായി വഴറ്റിയശേഷം രണ്ടര കപ്പ് ചൂട്വെള്ളം ചേർത്ത് വേവിക്കാൻ വെക്കുക. ചാറ് കുറുകുമ്പോൾ 1 ടീസ്പൂൺ കുരുമുളക് പൊടി ചേർത്ത് ഉപയോഗിക്കാം.

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, കുടുംബകൂട്ടായ്മയുടെ പേരും, ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം എ.സി.സി. ക്ലാസ്സ് ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :....................................




**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**നദാൽ ലോലാക് പി.ബി.**

Std : V, St. Joseph Kudumbakoottayma

**വിജയികൾക്കുള്ള സമ്മാനങ്ങൾ ഇടവകദിനപൊതുയോഗത്തിൽ വെച്ച് നൽകുന്നതാണ്*

# വചന കലണ്ടർ

## ജനുവരി 2026 JANUARY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **01**<br>1 യോഹ 4:12–16<br>യോഹ 10:31–38 | **02**<br>ഹെബ്രാ 1:1–4<br>യോഹ 1:14–18 | **03**<br>1 കോറി 1:4–9<br>ലൂക്കാ 2:36–40 |
| **04**<br>പുറ 34:28–35<br>1 സാമു 3:1–10<br>റോമാ 11:33–12:2<br>ലൂക്കാ 2:22–24,41-52 | **05**<br>1 യോഹ 5:1–5<br>യോഹ 5:19–23 | **06**<br>പുറ 19:16–25<br>ജോയേ 2:28–32<br>2 തിമോ 1:6–10<br>മർക്കോ 1:1–11 | **07**<br>2 തിമോ 3:10–17<br>ലൂക്കാ 4:23–30 | **08**<br>ഫിലി 1:12–18<br>യോഹ 3:22–30 | **09**<br>2 സാമു 12:1–10<br>ജറെ 1:4–10, 16–19<br>ശ്ലീഹ12:1–11<br>മത്താ14:1–12 | **10**<br>വെളി 4:1–8<br>ലൂക്കാ 7:18–23 |
| **11**<br>പുറ 3:9–16<br>പ്രഭാ 18:1–14<br>വെളി 1:4–8<br>യോഹ 8:21–30 | **12**<br>എഫേ 1:15–23<br>യോഹ 3:31–23 | **13**<br>1 യോഹ 3:1–10<br>മർക്കോ 1:21–28 | **14**<br>വെളി 19:5–10<br>യോഹ 2:1–12 | **15**<br>1 കോറി 6:12–20<br>യോഹ 2:13–25 | **16**<br>പുറ 19:1–8<br>ശ്ലീഹ 10:34–43<br>ഗലാ 1:11–24<br>യോഹ 21:15–19 | **17**<br>1 കോറി 6:12–20<br>യോഹ 2:13–25 |
| **18**<br>നിയ 31:1–8<br>ഏശ 41:8–16<br>ഫിലി 3:4–16<br>മർക്കോ 3:7–19 | **19**<br>1 കോറി 2:1–17<br>മത്താ 4:12–17 | **20**<br>2 കോറി 2:12–17<br>മത്താ 4:12–17 | **21**<br>1 യോഹ 2:7–11<br>യോഹ 9:1–11 | **22**<br>ശ്ലീഹ 3:19–26<br>യോഹ 5:39–47 | **23**<br>ഉത്പ 2:5–17<br>എസെ 1:1, 4–14<br>വെളി4:1–11,<br>ലൂക്കാ 8:4–15 | **24**<br>റോമാ 10:5–13<br>മർക്കോ 1:40–46 |
| **25**<br>ഉത്പ 29:1–14<br>2 രാജാ 17:24–28<br>ഹെബ്രാ 6:1–12<br>യോഹ 4:1–26 | **26**<br>നിയ 30:1–6<br>യോനാ 3:1–10<br>യൂദാ 1:20–25<br>മത്താ 9:9–13 | **27**<br>2 ദിന 6:24–30<br>ബാറു 1:15–22<br>യാക്കോ 5:13–20<br>യോഹ 1:29–34 | **28**<br>ഉത്പ 29:15–30<br>ഹോസി 14:1–9<br>1 പത്രോ 4:1–11<br>ലൂക്കാ 7:36–50 | **29**<br>എസെ 33:10–16<br>മിക്കാ 7:8–9,28–20<br>3 യോഹ 1:1–8<br>ലൂക്കാ 15:1–10 | **30**<br>ഉത്പ 4:1–12<br>1 രാജാ 21:1–13<br>ശ്ലീഹ6:8–15,7:1–2,51–60<br>ലൂക്കാ 23:33–43 | **31**<br>എഫേ 4:25–32<br>മത്താ 6:5–15 |




Pulimoottil
SILKS

PALACE ROAD, THRISSUR
0487-2335524 +91-90484 34488
THIRUVALLA | KOCHI | KOTTAYAM | THODUPUZHA | KOLLAM | PALA
WWW.PULIMOOTTILONLINE.COM

# മിഖായേൽ ഗ്രൂപ്പിന്റെ

## G-POWER

ചിറ്റ്സിൽ നിന്നും ആരംഭിക്കുന്ന

# 8 ലക്ഷം

രൂപയുടെ

## പുതിയ മാസക്കുറി

ആരംഭം
2026 ജനുവരി
20



| ഓർഡർ നമ്പർ | തവണ സംഖ്യ (രൂപ) | കാലാവധി (മാസം) | സല (രൂപ) | ഫോർമാൻ കമ്മീഷൻ | ആദ്യ തവണ അടക്കേണ്ട സംഖ്യ |
|---|---|---|---|---|---|
| DRGTSR/4065/2025-C1 | 16000/- | 50 | 800000 | 6% | 15000 |

## G-POWER CHITS PVT. LTD

Christy Complex, Nhamanghat P.O, Nayarangadi, Vylathur,
Thrissur Dist, Kerala-679563 | Ph: 0487 2680 300, 2680 400.

**Ph: +91 82 81 91 4444**

MIKHAEL GROUP OF COMPANIES

MIKHAEL CAPITALIZE PVT. LTD | MIKHAEL CHITS PVT. LTD | MIKHAEL FOODS LTD | MIKE CHITS | G-POWER CHITS
NEW WORLD OIL INDUSTRIES | MIKHAEL Gold & Diamonds | MIKHAEL | MIKHAEL ഇ-സേവകേന്ദ്രം | MIKHAEL MEDICARE


Published by : Chief Editor, Touchme, Kunnamkulam - for Private Circulation only   Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM